9
ആഗസ്റ്റ് 2023
ബുധൻ
Pages- 5
Vol. 2 Issue 187

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission
556

## പാകിസ്ഥാനിൽ

# ക്രൈസ്തവർ നേരിടുന്നത് കഠിനമായ ഭീഷണി



മൃഗങ്ങളുടെ തൊലിയുരിക്കൽ, ഉടമകൾ ഇല്ലാതെ മരിച്ചവരുടെ മൃതദേഹം നീക്കം ചെയ്യുക, ശൗചലയങ്ങൾ വൃത്തിയാക്കുക എന്നീ ജോലികൾക്കായി വിശ്വാസികളെ തിരഞ്ഞു പിടിക്കുകയാണ്

പേജ് 3 കാണുക

എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്

2023 ആഗസ്റ്റ് 9 ബുധൻ



# ദൈവം നിങ്ങളെ അന്വേഷിക്കുന്നു !

**ജ**നത്തെ ആത്മിയതയിലേക്ക് നയിക്കാൻ ദൈവസഭയ്ക്ക് നല്ല നേതൃത്വത്തെയാണ് ആവശ്യം. നേതൃത്വം എന്നതിന് ശുശ്രൂഷ എന്നാണ് തിരുവചനം കൊടുക്കുന്ന നിർവ്വചനം.

അന്ത്യ അത്താഴ സമയത്ത് സ്വന്തം ശിഷ്യന്മാരുടെ കാൽ കഴുകിയ ക്രിസ്തുവിനെയാണ് നാം വചനത്തിൽ കാണുന്നത്. ക്രിസ്തുവിനെ പോലെ താഴ്മ ധരിച്ച് ദൈവസഭയെ ശുശ്രൂഷിക്കാൻ ആർക്ക് കഴിയും എന്നതാണ് ഇപ്പോഴത്തെ പ്രധാന ചോദ്യം!

തിരുവചനത്തിൽ അനേകം അഭിഷിക്തന്മാരെ നാം കാണുന്നു. അതിൽ ഒരാൾ ഏലി പുരോഹിതനാണ്. കണ്ണു മങ്ങിയും ദർശനം നഷ്ടപ്പെട്ടുമിരിക്കുന്ന പുരോഹിതൻ! ഒരു കാലത്ത് ആലയത്തിൽ ധാരാളം ശുശ്രൂഷകൾ നിർവ്വഹിച്ചതാണ്. പക്ഷേ ഇന്നത്തെ അവസ്ഥ പരിതാപകരമാണ്.

ആത്മിയ അന്ധത ബാധിച്ച അനേകം ശുശ്രൂഷകന്മാരെ ഇന്നും കാണാനുണ്ടാകും!ഏറെ തിരക്കുള്ള ഒരു പട്ടണത്തിൽ കഴിഞ്ഞ ദിവസം നടന്ന ഒരു പ്രാർത്ഥനാ യോഗത്തിൽ പങ്കെടുക്കാനായി നൂറിലേറെ ദൈവ ദാസന്മാരെ ഞാൻ ക്ഷണിച്ചു; പക്ഷേ എത്തിയത് പത്തിൽ താഴെയാളുകൾ! ചോദിക്കട്ടെ, ഒരു വലിയ വിരുന്നിനായാണ് ഇവരെ ക്ഷണിച്ചിരുന്നതെങ്കിൽ...! തിരക്കുകൾ മാറ്റി വെച്ച് ഇവർ അതിന് പോകില്ലേ? ഇക്കാലഘട്ടത്തിന്റെ ഒരു നേർചിത്രമല്ലേ ഇത്?

ദർശനം നഷ്ടപ്പെട്ട ഏലി പുരോഹിതന്മാർ ഓരോ പട്ടണത്തിലും നിറയുകയാണ് ! അവരിലേറെയും ഭൗതിക വിഷയങ്ങൾക്ക് പിന്നാലെ പായുകയാണ്. പ്രസ്ഥാനത്തിന്റെ നേതൃത്വവും വലിയ സഭയും വലിയ ദശാംശവും മഞ്ഞു പെയ്യുന്ന നാടുമൊക്കെയാണ് അവരെ മോഹിപ്പിക്കുന്നത്! തത്ഫലമായി, ഹൊഹ്നിയും ഫിനെഹാസും അടങ്ങുന്ന തലമുറ ദൈവത്തിൽ നിന്നും അകന്ന് യാത്ര തുടങ്ങിയിരിക്കുന്നു.

ഇക്കാലഘട്ടത്തിൽ ദൈവം ഒരു ശമുവേൽ ബാലനെ അന്വേഷിക്കുകയാണ് ദൈവത്തോട് ചേർന്ന് നടക്കാൻ, ദൈവത്തിൽ നിന്നും കേൾക്കാൻ, ദൈവത്തെ അനുസരിക്കാൻ തയ്യാറായ ഒരു കൊച്ചു കുട്ടിയാണ് ശമുവേൽ!

അതുകൊണ്ട് എന്ത് സംഭവിച്ചു? അതുവരെയും മറ്റാരും ചെയ്യാത്ത ചില ശുശ്രൂഷകൾ ചെയ്യാനായി ദൈവം ശമുവേലിനെ എഴുന്നേൽപിച്ചു. ഇസ്രായേലിന്റെ ആദ്യത്തെ രണ്ട് രാജാക്കന്മാരെ അഭിഷേകം ചെയ്തത് അദ്ദേഹമാണ്.ഏലി പുരോഹിതന്റെ കണ്ണുകൾ മങ്ങിയപ്പോൾ ശമുവേലിന്റെ കണ്ണിനെയും കാതിനെയും
ദൈവം തുറന്നു.

ഇന്നും പുതിയ ചില ശുശ്രൂഷകൾ ഏൽപ്പിക്കാനായി ദൈവം നിങ്ങളെ അന്വേഷിക്കുകയാണ് ! പക്ഷേ ദർശനം നഷ്ടപ്പെട്ട് ഭൗതികമായ തിരക്കുകളിലാണോ നാം?അതോ, ശമുവേൽ ബാലനെപോലെ ദൈവശബ്ദം കേൾക്കാനായി സ്വയം സമർപ്പിച്ചിട്ടുണ്ടോ?

**ബ്ലസ്സിൻ ജോൺ മലയിൽ**

# ത്രിദിന ഉപവാസ പ്രാർത്ഥനയും ഉണർവ് യോഗവും നാളെ മുതൽ

മാവേലിക്കര : ഐപിസി മാവേലിക്കര ഈസ്റ്റ് ഡിസ്റ്റിക് പ്രയർ & റിവൈവൽ ബോർഡിന്റെ ആഭിമുഖ്യത്തിൽ ത്രിദിന ഉപവാസ പ്രാർത്ഥനയും ഉണർവ് യോഗവും ഓഗസ്റ്റ് 10 –12 വരെ ചുനക്കര ഐപിസി സിയോൺ ചർച്ചിൽ നടക്കും. പകൽ 10 മുതൽ 1 മണി വരെയും വൈകിട്ട്: 6 മുതൽ 8:30 മണി വരെയും നടക്കുന്ന യോഗങ്ങളിൽ പാസ്റ്റർ തോമസ് ഫിലിപ്പ് (ഐപിസി ഡിസ്ട്രിക്ട് മിനിസ്റ്റർ), പാസ്റ്റർ ബിന്നി ജോൺ (കൊട്ടാരക്കര), പാസ്റ്റർ റോണി എബ്രഹാം (അടൂർ) എന്നിവർ വചനശുശ്രുഷ നിർവഹിക്കും. ഷക്കേന മ്യൂസിക്, കായംകുളം ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

# ഐപിസി കൊട്ടാരക്കര മേഖല കൺവൻഷൻ

കൊട്ടാരക്കര : ഇന്ത്യൻ പെന്തകോസ്ത് ദൈവസഭ കൊട്ടാരക്കര മേഖല കൺവൻഷൻ 2024 ജനുവരി 3 മുതൽ 7 വരെ കൊട്ടാരക്കര ബേർശേബ ഗ്രണ്ടിൽ നടക്കും. കൺവൻഷന്റെ ക്രമീകരണങ്ങൾക്കായി വിപുലമായ കമ്മിറ്റികൾ രൂപീകരിച്ചു. സബ് കമ്മിറ്റി കൺ വീനേഴ്സ്:പ്രാർത്ഥന:പാസ്റ്റർ സണ്ണി എബ്രഹാം ,ഫിനാൻസ്: പി.എം ഫിലിപ്പ്, റോയി അലക്സ്, ഗീവർഗ്ഗീസ്, പബ്ലിസിറ്റി: പാസ്റ്റർ ബിജു ജോസഫ്, പന്തൽ: ഡി. അലക്സാണ്ടർ, ഫുഡ്: റോബിൻ ആർ.ആർ.ലൈറ്റ് & സൗണ്ട് : ബപാസ്റ്റർ ജെസ്സിറ്റിൻ ജോസഫ്,വോളന്റിയേഴ്സ: പാസ്റ്റർ മനു എം. വിജിലൻസ്: പാസ്റ്റർ ഷിബു ജോർജ്, അക്കോമഡേഷൻ: ബാബു അടൂർ,സീറ്റിങ്ങ് അറേജ്മെന്റസ്: പാസ്റ്റർ ജി. തോമസ്കുട്ടി, തിരുവത്താഴം: പാസ്റ്റർ വിത്സൻ എബ്രഹാം ,മ്യൂസിക്: തോമസ് ജോൺ,സോങ്ങ് ബുക്ക്: ഫിന്നി.പി. മാത്യു, മീഡിയ: ഇവ. ഷിബിൻ ജി.ശാമുവേൽ,എന്നിവരെ തിരെഞ്ഞെടുക്കയും പ്രവർത്തനം ആരംഭികുയും ചെയ്തു.

പാസ്റ്റർമാരായ ബെഞ്ചമിൻ വർഗ്ഗീസ്, സാം ജോർജ് , ജോൺ റിച്ചാർഡ്, എ.ഒ. തോമസ്കുട്ടി, കുഞ്ഞുമോൻ വർഗ്ഗീസ്, സി.എ. തോമസ്, ജോസ് കെ. എബ്രഹാം സഹോദരന്മാരായ ജെയിംസ് ജോർജ് (വേങ്ങൂർ ), പി.എം. ഫിലിപ്പ്, കെ.പി.തോമസ് എന്നിവർ നേതൃത്വം നല്കും.

## എ.ജി നോർത്ത് വെസ്റ്റേൺ സെക്ഷൻ പ്രസ്ബിറ്ററായി പാസ്റ്റർ ജോൺ തോമസ് തെരഞ്ഞെടുക്കപ്പെട്ടു



പാസ്റ്റർ ജോൺ തോമസ്

സൂറത്ത്: അസ്സംബ്ലിസ് ഓഫ് ഗോഡ് മഹാരാഷ്ട്ര നോർത്ത് വെസ്റ്റേൺ സെക്ഷൻ പ്രസ്ബിറ്റർ ആയി പാസ്റ്റർ ജോൺ തോമസ് വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. ഓഗസ്റ്റ് 7 ന് സൂറത്ത് എ.ജി സഭയിൽ ചേർന്ന തെരഞ്ഞെടുപ്പിന് സെക്ഷനിലെ സഭാ ശുശ്രൂഷകന്മാരും സഭാ പ്രതിനിധികളും പങ്കെടുത്തു. പാസ്റ്റർ ജിങ്കിൾ മോൻ (സെക്രട്ടറി), പാസ്റ്റർ ഡാനിയേൽ ജോൺ (ട്രഷറാർ) എന്നിവരാണ് മറ്റു ഭാരവാഹികൾ. രണ്ടു വർഷമാണ് കമ്മിറ്റിയുടെ കാലാവധി.

# നിത്യതയിൽ



ഫ്ളോറിഡ : പള്ളിവാതിക്കൽ കടയിൽ കുടുംബാഗം ചെന്നൈ ഡൺളപ്പ് റിട്ടയേർഡ് ഉദ്യോഗസ്ഥൻ വി തോമസ് (93 വയസ്സ്) ഫ്ളോറിഡയിൽ വച്ച് നിര്യാതനായി.
ഭാര്യ : പരേതയായ പാസ്റ്റർ തുവയൂർ സി കെ ഉമ്മന്റെ മകൾ വിളയിൽ പടിഞ്ഞാറ്റതിൽ സൂസമ്മ തോമസ്. മക്കൾ : പാസ്റ്റർ ജോസൺ തോമസ് (ഫോർട്ട് ലോഡർഡേൽ), പാസ്റ്റർ സാംസൺ തോമസ് (ഹൂസ്റ്റൺ), ജോൺസൺ തോമസ് (ഫോർട്ട് ലോഡർഡേൽ), മേഴ്സി യോഹന്നാൻ (ഒർലാൻഡോ). മരുമക്കൾ : ബെറ്റി, ലിനു, മിനി, പ്രിൻസൺ യോഹന്നാൻ. കൊച്ചുമക്കൾ: മേഗൻ, ബ്രിയാന, ജാരെഡ്, ജെസീക്ക, റ്റിയാര, ജോയൽ, ജോവാന, റേച്ചൽ, അന്ന. സംസ്കാര ശുശ്രുഷ ഓഗസ്റ്റ് 11 വെള്ളിയാഴ്ച്ച വൈകിട്ട് 6 മണി മുതൽ 9 മണി വരെ കൂപ്പർ സിറ്റി ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ (Cooper Ctiy High School Auditorium, 9401 Sterling Rd, Cooper Ctiy, FL 33328)
സംസ്കാര ശുശ്രുഷ : ഓഗസ്റ്റ് 12 ശനിയാഴ്ച്ച രാവിലെ 9 മണിക്ക് കൂപ്പർ സിറ്റി ചർച്ച് ഓഫ് ഗോഡ് സഭയിലും (9191 Stirling Rd, Cooper Ctiy, FL 33328) വച്ച് നടത്തപ്പെടും.

## ഐ.പി.സി. നെയ്യാറ്റിൻക്കര സെന്റർ മാസയോഗം 12 ന്

ഐ.പി.സി നെയ്യാറ്റിൻകര സെന്ററിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന മാസയോഗം ഓഗസ്റ്റ് 12–ാം തിയതി രാവിലെ 9:30 മുതൽ കത്തിപ്പാറ സഭയിൽ നടക്കും. പാസ്റ്റർ. റെജി ചെകുളം ദൈവവചനം സംസാരിക്കും ഈ യോഗത്തിൽ 10–ാം ക്ലാസിലും, + 2 വിലും ഉന്നത വിജയം നേടിയ കുട്ടികളെ സെന്റർ സണ്ടേസ്കൂൾ മൊമെന്റോ നൽകി ആദരിക്കുന്നു.

Christian Live (Malayalam) Advertisement Tariff

| Full Page | Quarter Page |
|---|---|
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

EDITORIAL BOARD

***Chief Editor:***
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji lype Mathews
Pr. Shibu Thomas , Oklahoma .

+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# പാകിസ്ഥാനിൽ ക്രൈസ്തവർ നേരിടുന്നത് കഠിനമായ ഭീഷണി



ചിക്കാഗോ :പാക്കിസ്ഥാനിലെ ക്രൈസ്തവർ കടുത്ത ദാരിദ്ര്യത്തിൽ കഴിയുമ്പോഴും മതനിന്ദ നിയമങ്ങളിൽ നിന്ന് അവർ കൂടുതൽ പീഡനങ്ങൾ നേടരുന്നതായി റിപ്പോർട്ട്. മുസ്ലീം ഭൂരിപക്ഷ രാജ്യങ്ങളിൽ ഏറ്റവും കർശനമായ മതനിന്ദ നിയമങ്ങളുള്ളത് പാകിസ്ഥാനിലാണ്. ഈ നിയമങ്ങൾ പ്രകാരം പാകിസ്താനിലെ ജയിലിൽ കഴിയുന്ന ആളുകൾക്ക് ജീവപര്യന്തം തടവും അല്ലെങ്കിൽ അതിലും മോശമായാ രീതിയിലുള്ള മരണമാണ് സംഭവിക്കുന്നത്. ക്രിസ്ത്യാനികളും മറ്റ് മതന്യൂനപക്ഷങ്ങളും പാകിസ്ഥാൻ ജനസംഖ്യയുടെ വെറും 4% മാത്രമാണ്, എന്നാൽ ദൈവനിന്ദ ആരോപണങ്ങളുടെ പകുതിയോളം വഹിക്കുന്നതും ക്രൈസ്തവർ ആണ്.കൂടാതെ ലാഹോർ പോലുള്ള പ്രധാന നഗരങ്ങളിൽ താമസിക്കുന്ന ക്രൈസ്തവർ പലപ്പോഴും 'മലിനീകരണം' എന്ന് കരുതുന്ന ജോലികളാണ് ചെയ്യാൻ നിർബന്ധിതരാകുന്നത് , അതായത് മൃഗങ്ങളുടെ തൊലിയുരിക്കൽ, ഉടമകൾ ഇല്ലാതെ മരിച്ചവരുടെ മൃതദേഹം നീക്കം ചെയ്യുക, ശൗചലയങ്ങൾ വൃത്തിയാക്കുക എന്നീ ജോലികൾക്കായി വിശ്വാസികളെ തിരഞ്ഞു പിടിക്കുകയാണ്. ഇത്തരം അവസ്ഥയിൽ രാജ്യത്തു ക്രൈസ്തവർ തരംതാഴ്ത്തപ്പെടുകയാണ് പഠനത്തിൽ പറയുന്നു . 76 വർഷങ്ങൾക്ക് മുമ്പാണ് പാകിസ്ഥാൻ രാഷ്ട്രം സൃഷ്ടിക്കപ്പെട്ടത് , എന്നാൽ അന്ന് മുതൽ ഇന്ന് വരെയും ക്രിസ്ത്യൻ പൗരന്മാരുടെ ജീവിതം കൂടുതൽ ദുഷ്കരമായി വളർന്നുകൊണ്ടിരിക്കയാണ്. ഡിപോൾ യൂണിവേഴ്സിറ്റിയിലെ മതപഠന ഡിപ്പാർട്മെന്റിലെ മതപഠന ഗവേഷണം നടത്തുന്ന മിറിയം റെനൗഡ് ആണ് റിപ്പോർട്ട് പുറത്തു വിട്ടത്.



# ഒന്നാം റാങ്ക് നേടിയ കെവിൻ ഫിലിപ്പ് സാബുവിനെ രാഷ്ട്രപതി ആദരിച്ചു





പാമ്പാടി :മദ്രാസ് യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ലൈഫ് സയൻസ് ങരെ സുവോളജിയിൽ ഒന്നാം റാങ്ക് നേടിയ കെവിൻ ഫിലിപ്പ് സാബുവിനെ മദ്രാസ് അണ്ണാ യൂണിവേഴ്സിറ്റിയിൽ നടന്ന ചടങ്ങിൽ ഇന്ത്യൻ രാഷ്ട്രപതി ദ്രൗപതി മുർമു ആദരിച്ചു. തമിഴ്നാട് ഗവർണർ ആർ എൻ രവി മുഖ്യമന്ത്രി എം കെ സ്റ്റാൻലിൻ, വിദ്യാഭ്യാസ മന്ത്രി ഡോ. കെ പൊൻമുടി തുടങ്ങിയവർ സന്നിഹിതരായിരുന്നു. പി..വൈ.പി.എ , സൺഡേസ്കൂൾ പ്രവർത്തനങ്ങളിൽ സജീവ അംഗമായ കെവിൻ അനേക വർഷങ്ങളായി തന്നെ നിരവധി സമ്മാനങ്ങൾ വാങ്ങുകയും വ്യക്തികത ചാമ്പ്യൻഷിപ്പ് കരസ്തമാക്കുകയും ചെയ്തിട്ടുണ്ട്. ഐപിസി പാമ്പാടി സെന്ററിൽ പാമ്പാടി ബെഥേൽ സഭാംഗമാണ്. ഇടിമാരിയിൽ സാബു എബ്രഹാം, ഷേർലി സാബു ദമ്പതികളുടെ മകനാണ്. സഹോദരങ്ങൾ സ്റ്റെഫിൻ, ഫെബിൻ.

# പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു

ന്യൂഡൽഹി : മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ മരണത്തിന് പിന്നാലെ ഒഴിവുവന്ന പുതുപ്പള്ളി മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച് തെരഞ്ഞെടുപ്പ് കമ്മീഷൻ. സെപ്റ്റംബർ അഞ്ചിനാണ് പോളിങ്ങ്, എട്ടിന് വോട്ടെണ്ണൽ നടക്കും. ജാർഖണ്ഡ്, ത്രിപുര, പശ്ചിമ ബംഗാൾ, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ് തുടങ്ങിയ ആറ് സംസ്ഥാനങ്ങളിലെ ഉപതെരഞ്ഞെടുപ്പുകൾക്കൊപ്പമാണ് പുതുപ്പള്ളിയിലും തെരഞ്ഞെടുപ്പ് നടക്കുക. ജാർഖണ്ഡിലെ ധൂമ്രി, ത്രിപുരയിലെ ബോക്സാനഗർ, ധൻപൂർ മണ്ഡലങ്ങൾ, പശ്ചിമ ബംഗാളിലെ ധൂപ്ഗുരി, ഉത്തർപ്രദേശിലെ ഗോസി, ഉത്തരാഖണ്ഡിലെ ഭാഗേശ്വർ എന്നിവിടങ്ങളിലാണ് സെപ്റ്റംബർ അഞ്ചിന് ഉപതെരഞ്ഞെടുപ്പ് നടക്കുക.

# ബീജിംഗിൽ കനത്ത മഴയിൽ 33 മരണം, 18 പേരെ കാണതായി



ചൈനയിൽ തുടരുന്ന കനത്ത മഴയിൽ 33 പേർ മരിച്ചതായി ബീജിംഗ് അധികൃതർ റിപ്പോർട്ട് ചെയ്തു . ജൂലൈ അവസാനം മുതൽ പെയ്ത കനത്ത മഴ രാജ്യത്തിന്റെ വടക്ക്, വടക്കു കിഴക്കൻ ഭാഗങ്ങളിൽ വെള്ളപ്പൊക്കത്തിനും മണ്ണിടിച്ചിലിനും കാരണമായി. 18 പേരെ കാണാതായതായും അധികൃതർ അറിയിച്ചു.

# യുവജന മാസയോഗവും ലഹരി വിരുദ്ധ സന്ദേശ റാലിയും

പിറവം:ഐ.പി.സി പിറവം സെന്റർ, യുവജനങ്ങൾക്ക് പ്രാതിനിധ്യം നൽകിക്കൊണ്ട് 2023 ഓഗസ്റ്റ് 15ന് മണീട് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടത്തുന്ന യുവജന മാസയോഗത്തിൽ സെന്റർ മിനിസ്റ്റർ പാസ്റ്റർ ബാബു ചെറിയാൻ പി.വൈ പി.എ പ്രവർത്തനോദ്ഘാടനം നിർവഹിക്കുന്നതും ബ്രദർ. ജസ്റ്റിൻ നെടുവേലിൽ, (PYPA State Secretary) മുഖ്യ സന്ദേശം നൽകുകയും Cetnre PYPA ഗാന ശുശ്രൂഷ നിർവഹിക്കുകയും ചെയ്യുന്നു. ഉച്ചകഴിഞ്ഞ് Pr.K P വർഗീസ് നയിക്കുന്ന, ലഹരി വിരുദ്ധ വാഹന റാലിയിൽ Pr. സജോ തോന്നിക്കുഴിയിൽ സന്ദേശം പങ്കുവക്കുന്നു.

PYPA പ്രവർത്തകരായ Pr Sabu M Baby. Pr ബൈജു പാപ്പച്ചൻ, Br.വിക്ടർ ജോൺ മാത്യു, Br. രാജേഷ് T P, Br. പ്രെയ്സൺ രാജു, Br. ഡാനി തമ്പി തുടങ്ങിയവർ നേതൃത്വം നൽകുന്നു.

# ക്രിസ്ത്യൻ മിഷണറിമാരെ കമ്മ്യൂണിസ്റ്റ് അനുഭാവികളെന്ന് മുദ്ര കുത്തി ഫിലിപ്പീൻസ്

മനില: തെക്കു കിഴക്കൻ ഏഷ്യൻ രാഷ്ട്രമായ ഫിലപ്പീൻസിൽ ക്രൈസ്തവ വിരുദ്ധ നിലപാടുകളും പിഢനങ്ങളും നടത്തുന്നതിൽ ഭരണകൂടത്തെ വിമർശിക്കുന്ന ക്രിസ്തയൻ മിഷണറിമാരെയും പുരോഹിതരെയും കമ്മ്യൂണിസ്റ്റ് അനുഭാവികളെന്ന് മുദ്ര കുത്തി അടിച്ചമർത്തുന്നതായി റിപ്പോർട്ട്.

രാജ്യത്തെ കത്തോലിക്കാ വിഭാഗങ്ങളും പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങളും ഒരുപോലെ ഭരണകൂട വിരുദ്ധരായി മുദ്ര ചാർത്തപ്പെടുകയാണെന്നാണ് ആരോപണം.

കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഫിലിപ്പീൻസിന്റെ സായുധ വിഭാഗമായ എൻപിയെയിംലാക്ക് റിക്രൂട്ട്മെന്റ് നടത്തിയെന്ന് ആരോപിച്ച് ലോകമെമ്പാടുമുള്ള ആംഗ്ളിക്കൻ കൂട്ടായ്മയുടെ സ്വതന്ത്ര അംഗമായ പ്രൊട്ടസ്റ്റന്റ് ഇഗ്ളേഷ്യ ഫിലിപ്പിൻസ് ഇൻഡിപ്പെൻഡന്റ് (എഎഫ്ഐ) യ്ക്കെതിരെ ഭരണകൂടം നടപടികളെടുത്തിരുന്നു.അനധികൃതമായി ധനസഹായങ്ങൾ കൈപ്പറ്റി എന്നതായിരുന്നു കാരണം.

2022 ഓഗസ്റ്റിൽ ദരിദ്ര ഗ്രാമ പ്രദേശങ്ങളിലെ ജനങ്ങളുടെ ബുദ്ധിമുട്ടുകൾക്ക് സഹായമായി പ്രവർത്തച്ച കത്തോലിക്കാ മിഷൻ ഗ്രൂപ്പായ ആർഎംപിയിലെ അഞ്ച് കന്യാസ്ത്രീകൾ ഉൾപ്പെടെ 16 മിഷണറിമാരെ തടഞ്ഞുവച്ച് ഭീകരവാദത്തിന് ധനസഹായം നൽകിയെന്ന കുറ്റം ചുമത്തുകയും ഫണ്ട് കൈമാറ്റം ചെയ്തെന്ന് നേരത്തെ ആരോപണം ഉണ്ടായിട്ടുണ്ട്. ക്രൈസ്തവ സമൂഹത്തെ റെഡ്ടാഗ്ഗിങ് എന്ന പേരിൽ മുദ്ര ചാർത്തിയാണ് നിശ്ശബ്ദരാക്കുന്നത്. ഫിലിപ്പിയൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് മാർക്കോസ് ജൂണിയറും വൈസ് പ്രസിഡന്റ് സാറാ ഡുട്ടേർട്ടുമാണ് ക്രൈസ്തവർക്കെതിരെ ആരോപണങ്ങളും നടപടികളുമായി മുന്നോട്ടു പോകുന്നത്.

# ആൾ ഇന്ത്യ യുണൈറ്റഡ് ക്രിസ്ത്യൻ ഫെല്ലോഷിപ്പ് (AIUCF) മണിപ്പൂർ ഐക്യദാർഢ്യ പ്രാർത്ഥനാസംഗമം നടത്തി





തിരുവനന്തപുരം: ഭാരതത്തിലെ ക്രൈസ്തവ സഭകളുടെ സംയുക്ത ആത്മീയ കൂട്ടായ്മയായ ആൾ ഇന്ത്യ യുണൈറ്റഡ് ക്രിസ്ത്യൻ ഫെല്ലോഷിപ്പ് (AIUCF) മണിപ്പൂർ ഐക്യദാർഢ്യ പ്രാർത്ഥനാസംഗമം നടത്തി. കാട്ടാക്കട ഇ.ജി.എം ബിബ്ലിക്കൽ സെമിനാരിയിൽ വച്ച് ആഗസ്റ്റ് 7 വൈകുന്നേരം 6.00 മണിക്ക് AIUCF അഖിലേന്ത്യ പ്രസിഡന്റ് റവ.തോമസ് മാത്യു (EGM) വിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അകഡഇഎ കേരള സംസ്ഥാന പ്രസിഡന്റ് റവ. ഫാദർ ജസ്റ്റിൻ വിരാലി വിളയിൽ (EC) പ്രാർത്ഥനാസംഗമം ഉദ്ഘാടനം ചെയ്യുകയും വൈസ് പ്രസിഡന്റ് റവ.ഫാദർ, പോൾരാജ് (CSI) ജനറൽ സെക്രട്ടറി പാസ്റ്റർ. സജീവ്ദാസ് വൈ.കെ. (Independent Pentacostal church) പാസ്റ്റർ.ബിനു.സി.എസ്. (Church of God Full Gospel in india), പാസ്റ്റർ,രാജേഷ് (President Kerala Musician Fellowship), ആശംസകൾ അറിയിക്കുകയും പ്രാർത്ഥനകൾ നയിക്കുകയും ചെയ്തു. പാസ്റ്റർ.പ്രദീപ് അരവിന്ദ് (North Indian Co-ordinator AIUCF) സമാപന പ്രാർത്ഥനാ സെക്ഷൻ ലീഡ് ചെയ്യുകയും മറ്റ് നിരവധി സംഘടനാ പ്രതിനിധികൾ പങ്കെടുത്തു.

# തകർന്നടിഞ്ഞ മണിപ്പൂർ; കലാപത്തിന് നാളെ 100 ദിവസം




ഇംഫാൽ :മണിപ്പൂരിൽ വർഗീയധ്രുവീകരണ രാഷ്ട്രീയം സൃഷ്ടിച്ച കലാപം നൂറാം ദിവസത്തിലേക്ക് എത്തുമ്പോഴും അവസാനമില്ലാതെ സാധാരക്കാരുടെ ജീവിതം. രണ്ടു ജനവിഭാഗങ്ങൾ മണിപ്പൂരിൽ ശത്രുരാജ്യങ്ങളെപ്പോലെ പോരടിക്കുകയാണ്. സ്ത്രീകളെ നഗ്നരാക്കി നടത്തുകയും കൂട്ടബലാത്സംഗത്തിന് ഇരയാക്കുകയും ചെയ്യുന്നു. ഓരോ ദിവസവും മരണസംഖ്യ ഉയരുന്നു. ക്രൈസ്തവ ദേവാലയങ്ങൾ വ്യാപകമായി ആക്രമിക്കപ്പെട്ടു. കുക്കി, മെയ്ത്തീ വിഭാഗങ്ങളിലെ ക്രൈസ്തവവിശ്വാസികളാണ് കലാപത്തിന്റെ കെടുതികൾ കൂടുതലായി നേരിട്ടത്. ഇംഫാലിൽ അടക്കം അക്രമികൾ അഗ്നിക്കിരയാക്കിയ കത്തോലിക്കാ ദേവാലയങ്ങൾ ഒരു പുനർനിർമാണത്തിനുള്ള സാധ്യതപോലുമില്ലാതെ നശിപ്പിക്കപ്പെട്ടു.കേന്ദ്രവും സംസ്ഥാനവും ഭരിക്കുന്ന ബിജെപി സർക്കാരുകൾ ഒരു വാക്കുകൊണ്ടുപോലും സാന്ത്വനമേകിയില്ലെന്ന് ഇംഫാൽ ആർച്ച് ബിഷപ് ഡൊമിനിക് ലുമോൺ പറഞ്ഞു. ഇംഫാലിൽ മൂന്നുദിവസത്തെ സന്ദർശനത്തിനായി എത്തിയ ആഭ്യന്തരമന്ത്രി അമിത് ഷാ ബിഷപ് ഹൗസിലേക്ക് തിരിഞ്ഞുനോക്കിയില്ല. എഴുന്നൂറോളം പള്ളികൾ താഴ്വരയിലും കുന്നുകളിലുമായി തകർക്കപ്പെട്ടു.ഭരണം മണിപ്പൂരിൽ പൂർണപരാജയമായി മാറിയെന്ന് സുപ്രീംകോടതിക്ക് തുറന്നടിക്കേണ്ടി വന്നു. ഭരണവാഴ്ച പൂർണമായും തകർന്നെന്നും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിൽ ഭരണകൂട സംവിധാനങ്ങൾ പരാജയപ്പെട്ടെന്നും കോടതി പറഞ്ഞു. അപ്പോഴും പ്രധാനമന്ത്രി നരേന്ദ്ര മോദി ദുരൂഹമായ മൗനത്തിലാണ്. മണിപ്പൂർ സന്ദർശിക്കാൻപോലും മോദി തയ്യാറായിട്ടില്ല. ഭരണാധികാരിയെന്ന നിലയിൽ പൂർണപരാജയമാണ് മോദി എന്നതിന് മണിപ്പൂർ സാക്ഷ്യം.


## ചന്ദ്രയാൻ 3; രണ്ടാംഘട്ട ഭ്രമണപഥം താഴ്ത്തൽ വിജയം



ബാംഗ്ലൂർ:രണ്ടാം ഭ്രമണപഥം താഴ്ത്തൽ വിജയകരമായി പൂർത്തിയാക്കിയതായി ഐഎസ്ആർഒ അറിയിച്ചു. ചന്ദ്രനിൽനിന്ന് കുറഞ്ഞ അകലം 174 കിലോ മീറ്ററും കൂടിയ അകലം 1437 കിലോ മീറ്ററും വരുന്ന ദീർഘവൃത്താകൃതിയിലുള്ള ഭ്രമണപഥത്തിലാണ് പേടകമിപ്പോൾ. ഭ്രമണപഥം താഴ്ത്തുന്ന പ്രക്രിയയിൽ ഇനി രണ്ട് ഘട്ടംകൂടിയാണ് അവശേഷിക്കുന്നത്. 14ന് രാവിലെ 11.30നും 12.30നും ഇടയിലാണ് മൂന്നാം ഘട്ടം നടത്തുക. നാലാമത്തേത് 16നും നടക്കും. ഇതോടെ ചന്ദ്രനിൽനിന്ന് 100 കിലോ മീറ്റർ ഉയരത്തിലുള്ള വൃത്താകൃതിയിലുള്ള ഭ്രമണപഥത്തിൽ പേടകമെത്തും.

17ന് പ്രൊപ്പൽഷൻ മൊഡ്യൂളിൽനിന്ന് വേർപെടുന്നതോടെ ലാൻഡർ ചന്ദ്രനിൽ സോഫ്റ്റ് ലാൻഡിങ്ങിന് സജ്ജമാകും. ഓഗസ്റ്റ് 23ന് വൈകീട്ട് 5.40നാണ് സോഫ്റ്റ് ലാൻഡിങ് നിശ്ചയിച്ചിരിക്കുന്നത്.

## മണിപ്പൂരിൽ ക്രൈസ്തവ പീഡനം: ദൈവജനം ഉണർന്ന് പ്രാർത്ഥിക്കണം: പാ. ജെയ്സ് പാണ്ടനാട്



ഷാർജ: മണിപ്പൂരിൽ ക്രൈസ്തവ സമൂഹം അക്രമിക്കപ്പെടുന്ന സാഹചര്യത്തിൽ ദൈവജനം ഉണർന്ന് പ്രാർത്ഥിക്കണമെന്ന് പെന്തക്കോസ്ത് കൗൺസിൽ ഓഫ് ഇന്ത്യ(കേരളം) യുടെ സംസ്ഥാന സെക്രട്ടറി പാ. ജെയ്സ് പാണ്ടനാട് പ്രസ്താവിച്ചു.

ക്രിസ്ത്യൻ ലൈവിന്റെ നേതൃത്വത്തിൽ ഷാർജയിൽ നടന്ന മണിപ്പൂർ പ്രാർത്ഥനയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. സമ്മേളനത്തിൽ ഷാർജ യൂണിറ്റ് പ്രസിഡണ്ട് പാ. രാജീവ് സേവ്യർ അധ്യക്ഷത വഹിച്ചു. ശാരോൻ സി ഇ എം പ്രസിഡണ്ട് പാ. ജോമോൻ ജോസഫ്, പാ. ഗ്ലാഡ്സൺ വി കാരോട്ട് , പാ. ലൈജു എബ്രഹാം തുടങ്ങിയവർ പ്രസംഗിച്ചു. ബ്ര. ലാലു പാമ്പാടി സംഗിത ശുശ്രൂഷ നയിച്ചു.

ക്രിസ്ത്യൻ ലൈവ് ഷാർജാ യൂണിറ്റ് സെക്രട്ടറി ബ്ര. അലക്സ് സാമുവേൽ, ട്രഷറാർ ബ്ര. ജോബി ഏബ്രഹാം, മിഡിൽ ഈസ്റ്റ് കോർഡിനേറ്റർ ബ്ര. സന്തോഷ് അറക്കൽ ഈപ്പൻ, മാനേജിംഗ് കമ്മിറ്റി അംഗം പാ. ഷിബു മുണ്ടപ്ലാക്കൽ തുടങ്ങിയവർ നേതൃത്വം കൊടുത്തു

## ഗ്ലോബൽ മീഡിയ അവാർഡ്: രചനകൾ ക്ഷണിക്കുന്നു




തിരുവല്ല : മലയാളി പെന്തക്കൊസ്ത് മാധ്യമ പ്രവർത്തകരുടെയും എഴുത്തുകാരുടെയും ആഗോള കൂട്ടായ്മയായ ഗ്ലോബൽ മലയാളി പെന്തക്കോസ്ത് മീഡിയ അസോസിയേഷൻ മികച്ച രചനകൾക്ക് അവാർഡ് നൽകുന്നു. ലേഖനം, ന്യൂസ് സ്റ്റോറി, ഫീച്ചർ/അഭിമുഖം എന്നീ വിഭാഗങ്ങളിലായി 2022 വർഷത്തിൽ ക്രൈസ്തവ അച്ചടി മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച രചനകളാണ് (മലയാളം) അവാർഡിന് പരിഗണിക്കുന്നത്.

രചനകളുടെ മൂന്ന് കോപ്പികൾ സെപ്റ്റംബർ 10നകം ലഭിക്കേണ്ടതാണ്.

ഗ്ലോബൽ മീഡിയ ഒരുക്കുന്ന സമ്മേളനത്തിൽ അവാർഡ് ജേതാക്കളെ ഫലകവും പ്രശസ്തി പത്രവും നൽകി ആദരിക്കുമെന്ന് പ്രസിഡന്റ് പാസ്റ്റർ പി ജി മാത്യൂസ്, ജനറൽ സെക്രട്ടറി ഷിബു മുള്ളംകാട്ടിൽ എന്നിവർ അറിയിച്ചു. രചനകൾ അയക്കേണ്ട വിലാസം :

പാസ്റ്റർ പി ജി മാത്യൂസ്, പുതുപ്പറമ്പിൽ ജെസ് വിൻ വില്ല, കുമ്പനാട് പി ഒ, തിരുവല്ല 689547.
ഫോൺ : +919446283230

## പേപ്പറുകൾ കീറാൻ പാടില്ല, സഭയ്ക്കുള്ളിൽ ഫോൺ ഉപയോഗം പാടില്ല, ഉത്തർപ്രദേശ് നിയമസഭയിൽപുതിയ ചട്ടങ്ങൾ



ലഖ്നൗ:ഉത്തർപ്രദേശ് നിയമസഭയിൽ അംഗങ്ങൾക്കായി പുതിയ ചട്ടങ്ങൾ പാസാക്കാൻ ഒരുങ്ങുകയാണ്. തിങ്കളാഴ്ചയാണ് പുതിയ ചട്ടങ്ങൾ നിയമസഭയിലെത്തിയത്. ഉറക്കെ ചിരിക്കരുത്, സഭയ്ക്കുള്ളിൽ ഫോൺ ഉപയോഗം പാടില്ല, പേപ്പറുകൾ കീറാൻ പാടില്ല എന്നിങ്ങനെയാണ് പുതിയ ചട്ടത്തിൽ പറയുന്നത്. ഇത് സംബന്ധിച്ച ചർച്ചകൾ നടക്കുമെന്നും തുടർന്ന് പാസാക്കുമെന്നും ഉത്തർപ്രദേശ് സ്പീക്കർ സതീഷ് മഹാന വാർത്ത ഏജൻസിയായ പിടിഐയോട് പ്രതികരിച്ചു. സ്പീക്കർക്ക് പുറം തിരിഞ്ഞ് നിൽക്കുകയോ ഇരിക്കുകയോ ചെയ്യരുതെന്നും പുതിയ ചട്ടത്തിൽ പറയുന്നു. റൂൾസ് ഓഫ് പ്രൊസീജ്യേഴ്സ് ആന്റ് കൺടക്ട് ഓഫ് ബിസിനസ് ഓഫ് ഉത്തർപ്രദേശ് ലെജിസ്ലേറ്റീവ് അസംബ്ലി 2023 എന്ന പേരിലാണ് പുതിയ ചട്ടങ്ങൾ അവതരിപ്പിക്കുന്നത്. ഇതോടെ 1958ലെ ചട്ടങ്ങൾക്ക് പകരമായാണ് പുതിയ നിബന്ധനകൾ.പുതിയ ചട്ടങ്ങൾ പ്രകാരം, എംഎൽഎമാർക്ക് സഭയിൽ ഒരു രേഖയും കീറാൻ കഴിയില്ല. ഒരു പ്രസംഗം നടത്തുമ്പോഴോ അഭിനന്ദിക്കുമ്പോഴോ കൈ ചൂണ്ടരുത്. സഭയിൽ ആയുധങ്ങൾ കൊണ്ടുവരാനോ പ്രദർശിപ്പിക്കാനും പാടില്ല. കൂടാതെ നിയമസഭയിലെ അംഗങ്ങൾ സ്പീക്കറുടെ കസേരയ്ക്ക് മുന്നിൽ വണങ്ങി ബഹുമാനം കാണിക്കണമെന്നും സഭയിൽ പ്രവേശിക്കുമ്പോഴോ പുറത്തുപോകുമ്പോഴോ അല്ലെങ്കിൽ ഇരിക്കുമ്പോഴോ എഴുന്നേൽക്കുമ്പോഴോ പുറം കാണിക്കരുതെന്നും ചട്ടങ്ങൾ പറയുന്നു

## ഒമിക്രോൺ ഉപവകഭേദം മഹാരാഷ്ട്രയിൽ കണ്ടെത്തി




മുംബൈ: മഹാരാഷ്ട്രയിൽ പുതിയ ഒമിക്രോൺ ഉപവകഭേദം കണ്ടെത്തിയതായി റിപ്പോർട്ട്. E-G.5.1(ഇറിസ്) എന്ന ഒമിക്രോൺ ഉപവകഭേദമാണ് കണ്ടെത്തിയത്. ഒമിക്രോൺ തആആ.1.9ന്റെ ഉപവകഭേദമാണ് E-G.5.1. കഴിഞ്ഞ മേയിലാണ് പുതിയ ഒമിക്രോൺ വൈറസ് രാജ്യത്ത് ആദ്യമായി മഹാരാഷ്ട്രയിൽ കണ്ടെത്തിയത്. രണ്ട് മാസം പിന്നിട്ടിട്ടും സംസ്ഥാനത്തെ കോവിഡ് കേസുകളുടെ എണ്ണത്തിൽ കാര്യമായ വർധനയില്ലാത്തതിൽ ഈ വൈറസ് വലിയ പ്രത്യാഘാതം ഉണ്ടാക്കുന്നതല്ലെന്നാണ് വിലയിരുത്തൽ. അതേസമയം യുകെയിൽ കഴിഞ്ഞയിടെ E-G.5.1 പടർന്ന് പിടിച്ചതോടെ ആരോഗ്യവകുപ്പ് മുന്നറിയിപ്പ് നൽകിയിരുന്നു.

CNL7 MEDIA
Vol. 2 Issue 187
CHRISTIANLIVE DAILY
9
Wednesday
Pages 5
556

